(ജി&എച്ച്) രാജ്യത്തിന്റെ സമ്പദ്ഘടനയെ മൊത്തത്തിൽ ബാധിക്കുന്ന ഈ ദുരന്തം സ്വാഭാവികമായും സംസ്ഥാന സമ്പദ്ഘടനയേയും ബാധിക്കും. ഇത് ഏതൊക്കെ മേഖലകളിലാണ് ഭീഷണി ഉയർത്തുന്നതെന്ന കാര്യം വിശദമായ പരിശോധനക്കുശേഷമേ വെളിവാകുകയുള്ളൂ.

(ഐ) ഗുജറാത്ത് സർക്കാരിന് 2 കോടി രൂപ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടെന്റു നിർമ്മിക്കുവാനും കമ്പിളി വസ്ത്രങ്ങൾ വാങ്ങുവാനും 25 ലക്ഷം രൂപ അനുവദിച്ചു. ഈ തുകയ്ക്കുള്ള സാധനങ്ങൾ ഡൽഹിയിലെ ഗുജറാത്ത് സർക്കാരിന്റെ റസിഡന്റ് കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്.

ഭൂകമ്പത്തിൽ മരിച്ച മലയാളികൾ

78 (79) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുജറാത്തിലെ ഭൂകമ്പത്തിൽ എത്ര മലയാളികൾ മരിച്ചു എന്നും, എത്ര പേർക്ക് പരുക്കേറ്റു എന്നും വ്യക്തമാക്കുമോ ;

(ബി) എത്ര മലയാളി കുടുംബങ്ങൾക്ക് അവരുടെ ഫ്ളാറ്റുകൾ നഷ്ടപ്പെട്ടു എന്ന് വ്യക്തമാക്കുമോ ;

(സി) ഭൂകമ്പത്തിൽ ഫ്ളാറ്റുകൾ നഷ്ടപ്പെട്ടവർക്കും അപകടത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും ആശ്വാസ പുനരധിവാസ സഹായം നൽകാനുതകുന്ന ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) 48 മലയാളികൾ മരിച്ചതായി അനൗദ്യോഗിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പരിക്കു പറ്റിയവരുടെ പൂർണ്ണമായ വിവരം ലഭ്യമായിട്ടില്ല.

(ബി) ഇത് സംബന്ധിച്ച് കണക്ക് സർക്കാരിന് ഇതുവരെ ലഭിച്ചിട്ടില്ല.

(സി) ആശ്വാസ നടപടികളുടെ ഭാഗമായി കേരള സർക്കാരിന്റെ വകയായി കുറെ കെട്ടിടങ്ങൾ പണിതുകൊടുക്കുന്ന കാര്യം ഗുജറാത്ത് സർക്കാരുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

79 (80) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുജറാത്തിൽ ഉണ്ടായ ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനത്തിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധി ആരായിരുന്നു ; ഭൂകമ്പ ദുരിതാശ്വാസത്തിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം സഹായം നൽകിയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭൂകമ്പത്തിൽ എത്ര മലയാളികൾ മരിച്ചു ; എത്ര പേർ ഭവനരഹിതരായി ; എത്ര പേരെ കാണാതായിട്ടുണ്ട് ; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഭൂകമ്പത്തിൽ എല്ലാം നഷ്ടപ്പെട്ട് നാട്ടിലെത്തിയ മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ ഇവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഏതെങ്കിലും പുനരധിവാസ പ്രവർത്തനങ്ങൾക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭൂകമ്പം ഉണ്ടായ ഉടൻതന്നെ സംസ്ഥാന ഗവൺമെന്റ് ഒരു മുന്നംഗ ഉദ്യോഗസ്ഥ സംഘത്തെയും ഒരു മെഡിക്കൽ ടീമിനെയും ഗുജറാത്തിലേയ്ക്ക് നിയോഗിച്ചു. ഉദ്യോഗസ്ഥ സംഘം ഗുജറാത്തിലെ ഗാന്ധിനഗർ ഗസ്റ്റ് ഹൗസിൽ ഒരു കൺട്രോൾ റൂം തുറന്ന് പ്രവർത്തനം ആരംഭിച്ചു. ഗുജറാത്തിലെ മലയാളി സംഘടനാ ഭാരവാഹികളുമായി ചേർന്ന് ദുരിതത്തിന് ഇരയായവരുടെ വിവരങ്ങൾ ശേഖരിക്കുകയും ആവശ്യമായ അത്യാവശ്യ സാഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. മെഡിക്കൽ ടീം ഗുജറാത്ത് ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് ശുശ്രൂഷാ രംഗത്ത് പ്രവർത്തിച്ചു. സെക്രട്ടേറിയറ്റിൽ റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം തുറന്നു. ടെലിഫോൺ, ഹാം റേഡിയോ തുടങ്ങിയവ വഴി ഗുജറാത്തിലുള്ളവരുടെ വിവരങ്ങൾ ശേഖരിച്ച് നാട്ടിലുള്ള ബന്ധുക്കളെ അറിയിച്ചു. ഗുജറാത്തിലെ മലയാളികളുടെ വിവരങ്ങൾ അന്വേഷിച്ച് 2000-ത്തോളം അന്വേഷണങ്ങൾ കൺട്രോൾ റൂമിൽ ലഭിക്കുകയുണ്ടായി. ഇവയിൽ നല്ലൊരു ശതമാനം അന്വേഷണങ്ങൾക്കും മറുപടി നൽകി. ദുരിതബാധിതരായ മലയാളികൾക്ക് നാട്ടിലേക്ക് മടങ്ങുന്നതിനായി പ്രത്യേക തീവണ്ടികൾ അനുവദിക്കണമെന്ന് സർക്കാർ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചു. ഇതനുസരിച്ച് രണ്ട് പ്രത്യേക തീവണ്ടികൾ 2-2-2001-ലും 6-2-2001-ലും കേരളത്തിൽ എത്തി. ഈ വണ്ടികളിൽ വന്ന യാത്രക്കാരെ അതാത് ജില്ലാ കളക്ടർമാർ റയിൽവേസ്റ്റേഷനുകളിൽ സ്വീകരിക്കുകയും, അവർക്ക് ആവശ്യമായ യാത്രാസഹായം, വൈദ്യസഹായം, ലഘുഭക്ഷണം തുടങ്ങിയവ നൽകുകയും ചെയ്തു. ദുരിതബാധിതരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ "ഗുജറാത്ത് എർത്ത് ക്വയ്ക്ക് റിലീഫ് ഫണ്ട്" രൂപീകരിച്ചു. ഇതിലേക്ക് ഇതുവരെ മൂന്ന് കോടിയിൽപ്പരം രൂപ സംഭാവന ലഭിച്ചു. ഗുജറാത്ത് സർക്കാരിന് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേരള സർക്കാർ രണ്ട് കോടി രൂപ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഗുജറാത്തിലെ ദുരിതബാധിതർക്ക് ടെന്റ് നിർമ്മിക്കുന്നതിനും കമ്പിളി വസ്ത്രങ്ങൾ നൽകുന്നതിനും സർക്കാർ 25 ലക്ഷം രൂപ അനുവദിച്ചു. ഈ തുകയ്ക്കുള്ള സാധനസാമഗ്രികൾ ദർഹിയിലെ ഗുജറാത്ത് റസിഡന്റ്

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. ഇതു കൂടാതെ എല്ലാ ജില്ലാ കൺട്രോൾ റൂമുകളിലും ഗുജറാത്തിലേക്ക് വസ്ത്രങ്ങൽ, മരുന്നുകൾ തുടങ്ങിയവ സ്വീകരിക്കുകയും ഗുജറാത്തിലേക്ക് അയയ്ക്കുകയും ചെയ്തു. സംസ്ഥാന-ആരോഗ്യ വകുപ്പുമന്ത്രിയും സെക്രട്ടറിയും ഗുജറാത്തിലെ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ഗുജറാത്ത് സർക്കാരുമായും മലയാളി സംഘടനകളുമായും ചർച്ചകൾ നടത്തുകയും ചെയ്തു.

(ബി) സാമൂഹ്യക്ഷേമവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സത്യനാരായണ ഡാഷിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഗുജറാത്തിലേക്ക് പോയത്. സംസ്ഥാന സർക്കാർ ഗുജറാത്ത് സർക്കാരിന് 2 കോടി രൂപ ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 25 ലക്ഷം രൂപയുടെ ടെന്റു മെറ്റീരിയൽസും കമ്പിളി വസ്ത്രങ്ങളും നൽകിയിട്ടുണ്ട്.

(സി) 48 മലയാളികൾ മരിച്ചതായി അനൗദ്യോഗിക വിവരം ലഭിച്ചിട്ടുണ്ട്. മറ്റ് വിവരങ്ങൾ ഇതുവരെ പൂർണ്ണമായി ലഭിച്ചിട്ടില്ല.

(ഡി-എഫ്) ഗുജറാത്തിൽ കുറെ വീടുകൾ വച്ച് നൽകുന്നതിന് ഗുജറാത്ത് സർക്കാരുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഗുജറാത്തിലെ ആദിപ്പൂർ, ഗാന്ധിധാം, അഞ്ചാർ എന്നീ സ്ഥലങ്ങളിലെ പൂർണ്ണമായി വീട് നശിച്ച മലയാളികൾക്കും മരിച്ചവരുടെയും പരിക്കുപറ്റിയവരുടെയും ആശ്രിതർക്കും തക്കതായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആ സ്ഥലങ്ങളിലെ മലയാളികളുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചു വരികയാണ്.

കേരളത്തിലുണ്ടായ ഭൂകമ്പങ്ങൾ

80 (81) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഈയിടെ ഉണ്ടായ ഭൂകമ്പത്തെക്കുറിച്ച് പഠിക്കുകയോ പഠന റിപ്പോർട്ട് ലഭിക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികളാണ് പഠനം നടത്തിയത് ; റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) ഇടുക്കി ജില്ലയിലെ പൈനാവാണ് ഭൂകമ്പത്തിന്റെ പ്രഭവ കേന്ദ്രമെന്നിരിക്കെ ജില്ലയിലെ ഡാമുകൾക്ക് ഭൂകമ്പങ്ങൾ ഭീഷണിയാകുമോ ;

(സി) ഭൂകമ്പ മാപിനിയിൽ എത്ര പരിമാണം രേഖിതമാക്കിയവയായിരുന്നു സംസ്ഥാനത്തെ ഭൂചലനങ്ങൾ ;

(ഡി) ഇടുക്കി, മുല്ലപ്പെരിയാർ ഡാമുകൾക്ക് ഭൂകമ്പമാപിനിയിൽ എത്ര പരിമാണം വരെ രേഖപ്പെടുത്തുന്ന ചലനങ്ങൾ അപകടമായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ ഭൂകമ്പ സാദ്ധ്യതകൾ കണക്കിലെടുത്ത് നിലവിൽ സംസ്ഥാനത്തുള്ള ഫ്ളാറ്റുകളുടെ ഉറപ്പ് പരിശോധിക്കുവാനും ഫ്ളാറ്റ് നിർമ്മാണത്തിൽ ഭൂചലന പ്രതിരോധ നിർമ്മാണ സാങ്കേതിക വിദ്യ ഉപയോഗിക്കാനുതകും വിധം വ്യവസ്ഥ കൊണ്ടുവരാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly